| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 310 | 08/02/2016 ൽ മറുപടിക്ക് |
| വിജിലൻസ് അന്വേഷണം | |
| ചോദ്യം | മറുപടി |
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) |
| (എ) പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് നടത്തുന്ന വി.ഇ.4/2011/എസ്.ഡി.റ്റി., വി.ഇ.20/2011/എസ്.ഐ.യു.11 എന്നീ നമ്പരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ; | (എ) (എ) **വി.ഇ.04/2011/എസ്.സി.റ്റി.**<br>ശ്രീ.വി.എ.അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെക്കുറിച്ച് 16.06.2011-ലെ സ.ഉ (എം.എസ്) നമ്പർ 19/11/വിജി പ്രകാരം നടത്തുന്ന അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലാണ്.<br>(ബി) **വി.ഇ.20/2011/എസ്.ഐ.യു.II.**<br>ശ്രീ.വി,എ.അരുൺകുമാർ, മുൻ ഗവൺമെന്റ് പ്ലീഡർ ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചു എന്ന ആരോപണത്തിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ 20.09.2011 ലെ 7967/ഇ 3/2011/വിജി. നമ്പർ സർക്കാർ കത്ത് പ്രകാരം ഉത്തരവിട്ടതനുസരിച്ച് വി.ഇ.2/11/എസ്.ഐ.യു.II നമ്പരായി അന്വേഷണം നടത്തി മേൽ നടപടികൾ ആവശ്യമില്ലെന്ന ശുപാർശയോടുകൂടി 06.06.2012 -ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നല്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) വി.എ. അരുൺകുമാറിനെതിരെ അതീവ ഗുരുതരമായ പതിമൂന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 01.03.2011-ൽ അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന് രേഖാമൂലം പരാതി നൽകിയെങ്കിലും വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാത്തതിനെ തുടർന്ന് 16.06.2011 ൽ ജി.ഒ.(എം.എസ്) 19/2011/വി.ജി. നമ്പർ പ്രകാരം ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ; | (ബി) 16.06.2011-ലെ സ.ഉ. (എം.എസ്) നമ്പർ 19/11/വിജി നമ്പർ ഉത്തരവ് പ്രകാരം വി.ഇ 4/11/എസ്.സി.ടി എന്ന നമ്പരിൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. |
| (സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ പരാതിക്കാരനായ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയോ എന്ന് വ്യക്തമാക്കുമോ? | (സി) മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ